നമ്പർ: PC1-16308/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 15.04.2017.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- പ്ലാനിംഗ് സെൽ - കേരള നിയമസഭയുടെ അറുപതാം വാർഷികാഘോഷം - വനിതാ പാർലമെന്റ് സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്-

സൂചന:

കേരളത്തിലെ ആദ്യ നിയമസഭയുടെ അറുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2017 ഏപ്രിൽ 23ന് തിരുവനന്തപുരത്ത് വച്ച് വനിതാപാർലമെന്റ് സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ വിവിധതലങ്ങളിലുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ അദ്ധ്യക്ഷ അല്ലെങ്കിൽ ഉപാദ്ധ്യക്ഷ, മുൻ നിമയസഭാ സാമാജികരായിട്ടുള്ള വനിതകൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പാർലമെന്റ് സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നത്. കേരള സർക്കാർ സംഘടിപ്പിക്കുന്ന പ്രസ്തുത പ്രോഗ്രാമിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മേൽ വിവരിച്ച അദ്ധ്യക്ഷ, ഉപാദ്ധ്യക്ഷ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ട ചുമതല സർക്കാർ വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്.

പ്രസ്തുത സാഹചര്യത്തിൽ മേൽ വിവരിച്ചവയിൽ തദ്ദേശസ്വയംഭരണ ഭാരവാഹികൾക്കുള്ള ക്ഷണക്കത്ത് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. ടി ക്ഷണക്കത്ത് അതാത് ശിശുവികസനപദ്ധതി ഓഫീസർ മുഖേന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 20.4.2017ന് മുമ്പായി എത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ജില്ലാ പഞ്ചായത്ത് / കോർപ്പറേഷൻ-നുള്ള കത്ത് പ്രോഗ്രാം ഓഫീസർമാർ നേരിട്ട് കൈമാറേണ്ടതാണ്. സി.ഡി.പി.ഒ-മാരേ ഏൽപ്പിക്കുന്ന ചുമതല സമയബന്ധിതമായി നിറവേറ്റുന്നുണ്ടോയെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

NB: പ്രിന്റ് ചെയ്ത ക്ഷണക്കത്ത് ജില്ലാ ആസ്ഥാനങ്ങളിൽ ഈ കാര്യാലയത്തിൽ നിന്ന് എത്തിക്കുന്നതാണ്.

*db@17*